REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-03-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി അഹമ്മദാബാദിൽ ഒരു ലക്ഷത്തി ആറായിരം കോടി രൂപയുടെ വികസന പദ്ധതികൾ രാജ്യത്തിന് സമർപ്പിക്കുകയും തറക്കല്ലിടുകയും ചെയ്തു.
- സർവീസ് നീട്ടിയ മംഗലാപുരം-തിരുവനന്തപുരം വന്ദേ ഭാരത്, കൊല്ലം - തിരുപ്പതി ട്രെയിൻ സർവ്വീസുകൾ പ്രധാനമന്ത്രി വീഡിയോ കോൺഫറൻസിംഗിലൂടെ ഫ്ലാഗ് ഓഫ് ചെയ്തു .
- ശബരി കെ.റൈസ് എന്ന പേരിൽ സപ്ലൈകോ വിതരണം ചെയ്യുന്ന അരിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ 606 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്തു.
- ISL ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി അഹമ്മദാബാദിൽ ഒരു ലക്ഷത്തി ആറായിരം കോടി രൂപയുടെ വികസന പദ്ധതികൾ രാജ്യത്തിന് സമർപ്പിക്കുകയും തറക്കല്ലിടുകയും ചെയ്തു.

85,000 കോടിയിലേറെ രൂപയുടെ വിവിധ റെയിൽവെ വികസന പദ്ധതികളും പ്രധാനമന്ത്രി  രാജ്യത്തിന് സമർപ്പിച്ചു.

ഇന്ത്യൻ റെയിൽവേയുടെ വികസനം NDA ഗവൺമെന്റിന്റെ മുൻഗണനകളിലൊന്നാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. മുൻ ഗവണ്മെന്റുകളുടെ രാഷ്ട്രീയ സ്വാർത്ഥതയുടെ വലിയ ഇരയായിരുന്ന ഇന്ത്യൻ റെയിൽവേ കഴിഞ്ഞ പത്തു വർഷത്തിനിടെ വലിയ  പരിവർത്തനത്തിനാണ് സാക്ഷ്യം വഹിച്ചതെന്നും ചടങ്ങിൽ പ്രധാനമന്ത്രി പറഞ്ഞു.

പത്ത് പുതിയ വന്ദേ ഭാരത് ട്രെയിനുകളും സർവീസ് നീട്ടിയ നാല് വന്ദേ ഭാരത് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. മംഗലാപുരം വരെ നീട്ടിയ കാസർഗോഡ്-തിരുവനന്തപുരം വന്ദേ ഭാരത് എക്സ്പ്രസും ഇതിൽപ്പെടുന്നു. ഈ ട്രെയിനിന്റെ ആദ്യ സർവീസ് രാവിലെ മംഗലാപുരം സെൻട്രലിൽ വീഡിയോ കോൺഫറൻ സിംഗിലൂടെയാണ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തത്. ട്രെയിനിന്റെ റഗുലർ സർവ്വീസ് നാളെ ആരംഭിക്കുമെന്ന് ദക്ഷിണ റെയിൽവെ അറിയിച്ചു. നേരത്തെ ബുക്ക് ചെയ്ത യാത്ര ക്കാർക്കു വേണ്ടി ജൂലൈ നാല് വരെ എല്ലാ ദിവസവും സർവ്വീസ് ഉണ്ടാകുമെന്നും അതിന് ശേഷം ബുധനാഴ്ച ഒഴികെ ദിവസങ്ങളിൽ  ആഴ്ചയിൽ ആറ് ദിവസമായിരിക്കും സർവ്വീസെന്നും റെയിൽവെ വ്യക്തമാക്കി.

കൊല്ലം-തിരുപ്പതി എക്സ്പ്രസ് ട്രെയിൻ സർവ്വീസും പ്രധാനമന്ത്രി  ഓൺലൈനായി ഫ്ളാഗ് ഓഫ് ചെയ്തു.

ട്രെയിൻ വെള്ളിയാഴ്ചയാണ് റെഗുലർ സർവീസ് ആരംഭിക്കുന്നത്.

പാലക്കാട് - തിരുവനന്തപുരം ഡിവിഷനുകളിൽ ഒരു സ്റ്റേഷൻ ഒരു ഉൽപ്പന്നം സ്റ്റാളുകളുടെയും, പാലക്കാട് ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിലെ ജൻ ഔഷധി കേന്ദ്രത്തിന്റെയും ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ടൗൺ, തൃശൂർ, പാലക്കാട് ജംഗ്ഷൻ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട്, സ്റ്റേഷനുകളിൽ പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവഹിച്ച 6,000 ത്തോളം വിവിധ റയിൽവേ പ്രൊജക്ടുകളുടെ സമർപ്പണ ചടങ്ങുകളുടെ ഭാഗമായി ഒരു സ്റ്റേഷൻ ഒരു ഉൽപ്പന്നം പദ്ധതിയുടെ സമർപണം കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ നടന്നു. കൊയിലാണ്ടിയിലും വടകരയിലുമാണ് സ്റ്റാൾ ആരംഭിച്ചത്. MLA- മാരായ തോട്ടത്തിൽ രവീന്ദ്രൻ, അഹമ്മദ് ദേവർ കോവിൽ എന്നിവർ ശിലാഫലകം അനാവരണം ചെയ്തു.

✪✪✪

വൺ സ്റ്റേഷൻ വൺ പ്രോഡക്റ്റ് പദ്ധതിയുടെ കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ റെയിൽവേ സ്റ്റേഷനു കളിൽ ആരംഭിച്ച സ്റ്റാളുകളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി വീഡിയോ

കോൺഫറൻസിംഗിലൂടെ നിർവഹിച്ചു. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ രണ്ട് സ്റ്റാളുകളും തലശ്ശേരി, പയ്യന്നൂർ സ്റ്റേറ്റഷനുകളിൽ ഓരോ സ്റ്റാളുമാണ് ഉദ്ഘാടനം ചെയ്തത്.

കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മുഖ്യാതിഥിയായി.

✪✪✪

ഗുജറാത്തിൽ നവീകരിച്ച കൊച്ച്റാബ് ആശ്രമത്തിന്റെ ഉദ്ഘാടനവും ഗാന്ധി ആശ്രമ സ്മാരകത്തിന്റെ മാസ്റ്റർ പ്ലാനും പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലെത്തിയ ശേഷം മഹാത്മാഗാന്ധി സ്ഥാപിച്ച ആദ്യത്തെ ആശ്രമമാണിത്.

✪✪✪

ഇന്ത്യ - മൗറീഷ്യസ് ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി നിരവധി വികസന പദ്ധതികൾ ആരംഭിക്കുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. മൗറീഷ്യസിലെ പോർട്ട് ലൂയിസിൽ നടന്ന ആചാരപരമായ വിരുന്നിൽ രാഷ്ട്രപതി പങ്കെടുത്തു. ജനാധിപത്യത്തിന്റെയും വൈവിധ്യത്തിന്റെയും ബഹുസ്വരതയുടെയും വികസനത്തിന്റെയും തിളങ്ങുന്ന മാതൃകയാണ് മൗറീഷ്യസ് എന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

ഇന്ത്യയും മൗറീഷ്യസും തമ്മിലെ ബന്ധം കൂടുതൽ ശക്തമായതായും അത് മൗറീഷ്യസിലെ ജനങ്ങൾക്ക് ഗുണം

ചെയ്തുവെന്നും മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ് പറഞ്ഞു.

✪✪✪

തീവ്രവാദ-ഭീകര സംഘവുമായി ബന്ധപ്പെട്ട് ദേശീയ അന്വേഷണ ഏജൻസി നാല് സംസ്ഥാനങ്ങളിൽ വ്യാപകമായ തിരച്ചിൽ നടത്തുന്നു. പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, മധ്യപ്രദേശ്, കേന്ദ്രഭരണ പ്രദേശമായ ചണ്ഡീഗഢ് എന്നിവിടങ്ങളിലെ 30 സ്ഥലങ്ങളിലാണ് തിരച്ചിൽ നടക്കുന്നത്.

✪✪✪

ശബരി കെ റൈസ് ബ്രാൻഡിൽ സപ്ലൈകോ വിതരണം ചെയ്യുന്ന അരിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നാളെ ഉച്ചയ്ക്ക് നിർവഹിക്കും. ശബരി കെ ബ്രാൻഡിൽ ജയ അരി 29 രൂപ നിരക്കിലും കുറുവ, മട്ട അരി 30 രൂപ നിരക്കിലും ആണ് വിതരണം ചെയ്യുക. ഒരു റേഷൻ കാർഡ് ഉടമയ്ക്ക് 5 കിലോ അരിയാണ് ലഭിക്കുക. തിരുവനന്തപുരം മേഖലയിൽ ജയ അരിയും, കോട്ടയം - എറണാകുളം മേഖലകളിൽ മട്ട അരിയും, കോഴിക്കോട് മേഖലയിൽ കുറുവ അരിയും ആണ് വിതരണം ചെയ്യുക.

✪✪✪

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ മുഖച്ഛായ മാറ്റുന്ന 606 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്

..........വോയ്സ്.........

✪✪✪

പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഇന്ന് മുതൽ കിടത്തി ചികിത്സ ആരംഭിക്കും. ഐ.പി വിഭാഗം ആദ്യഘട്ടം വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലായിരുന്നു ചടങ്ങ്.

✪✪✪

കോഴിക്കോട് ചേവായൂർ കിർത്താഡ്സ് ക്യാംപസിൽ നെറ തിങ്ക എന്ന പേരിൽ തദ്ദേശീയ ഭക്ഷ്യ - വൈദ്യ കലാ സാഹിത്യ മേള ഇന്ന് തുടങ്ങും. വൈകീട്ട് മന്ത്രി കെ.രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. തദ്ദേശിയ രുചി കൂട്ടുകൾ, വൈദ്യ വിജ്ഞാനം, കലാപരിപാടികൾ, സാഹിത്യ സംഗമം, എന്നിവ നടക്കും.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സിനെ നേരിടും. വൈകിട്ട് 7.30-ന് ഡൽഹിയിലാണ് മത്സരം.

ഇന്നലെ ഗുജറാത്ത് ജയന്റ്സ് യുപി വാരിയേഴ്സിനെ എട്ട് റൺസിന് പരാജയപ്പെടുത്തി.

✪✪✪

സിംഗപ്പൂർ സ്മാഷ് 2024 ടേബിൾ ടെന്നീസ് പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ അചന്ത ശരത് കമൽ പ്രീക്വാർട്ടറിൽ പ്രവേശിച്ചു. ചിലിയൻ താരം നിക്കോളാസ് ബർഗോസിനെയാണ് തോൽപ്പിച്ചത്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. വൈകിട്ട് 7.30 ന് മുംബൈയിലാണ് മത്സരം.

ഇന്നലെ പഞ്ചാബ് FC, ഗോവ മത്സരം സമനിലയിൽ പിരിഞ്ഞു. ഇരു ടീമുകളും മൂന്ന് ഗോളുകൾ വീതം നേടി.

✪✪✪

കോഴിക്കോട് നിന്ന് വയനാട്ടിലേക്ക് ചുരം ഇല്ലാ ബദൽ പാതയായ പൂഴിത്തോട് - പടിഞ്ഞാറത്തറ റോഡിന്റെ നിർമ്മാണ സാധ്യത പരിശോധനയ്ക്ക് സംസ്ഥാന ഗവൺമെന്റ് ഭരണാനുമതി നൽകി.

ബദൽ പാതയ്ക്ക് കോഴിക്കോട്, വയനാട് ജില്ലകളിലായി 28.83 കിലോമീറ്റർ ദൂരം വരും. ഇതിൽ 10.61 കിലോമീറ്റർ

കോഴിക്കോട് ജില്ലയിലും 18.22 കിലോമീറ്റർ വയനാട് ജില്ലയിലുമാണ്.

വനമേഖലയിലൂടെ ആയതിനാൽ 25 വർഷമായി സാങ്കേതിക കുരുക്കുകളിൽപ്പെട്ട് മുടങ്ങികിടക്കുകയാണ് റോഡിന്റെ നിർമ്മാണം. ദൂരം കുറഞ്ഞതും, വനഭൂമി ഏറ്റവും കുറവ് ഏറ്റെടുത്താൽ മതി എന്നതുമാണ് ഈ പാതയുടെ സവിശേഷത.

✪✪✪

റമദാൻ വ്രതം ആരംഭിച്ചു. മാസപ്പിറവി കണ്ടതോടെ ഇസ്ലാം മതവിശ്വാസികൾക്ക് ഇനി ഒരു മാസക്കാലം വ്രതശുദ്ധിയുടെ പുണ്യകാലം. പകൽ അന്നപാനീയങ്ങൾ വെടിഞ്ഞ് രാത്രി പ്രത്യേക നമസ്കാരങ്ങളുമായി ഓരോ വീടും, വിശ്വാസികളുടെ മനസ്സും ഇനി ഖുർആൻ പാരായണത്തിന്റെയും പ്രാർഥനയുടെയും വിശുദ്ധിയാൽ നിറയും.

ഇസ്ലാമിന്റെ അഞ്ച് സ്തംഭങ്ങളിലൊന്നാണ് വിശുദ്ധ റമദാൻ മാസത്തിലെ വ്രതം. 1400 വർഷങ്ങൾക്കു മുമ്പ് മുഹമ്മദ് നബിക്ക് വിശുദ്ധ ഖുർആൻ അവതരിച്ചത് ഈ മാസത്തിലാണെന്നാണ് വിശ്വാസം.

ഡൽഹിയിലും ലഖ്നൗ, ഹൈദരാബാദ്, തുടങ്ങി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും ഇന്നാണ് റമദാൻ വ്രതാരംഭം.

✪✪✪

തലശ്ശേരി-മാഹി ബൈപ്പാസിലെ പാലത്തിന് മുകളിൽനിന്ന് വീണ് വിദ്യാർഥി മരിച്ചു. തോട്ടുമ്മൽ ജന്നത്ത് വീട്ടിൽ മുഹമ്മദ് നിദാൽ ആണ് മരിച്ചത്. തലശ്ശേരി സെയ്ൻറ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് ടു വിദ്യാർഥിയാണ്. ഇന്നലെ രാത്രി എട്ട് മണിയോടെയാണ് സംഭവം. ഉദ്ഘാടനം കഴിഞ്ഞ ബൈപ്പാസ്കൂട്ടുകാർക്കൊപ്പം സന്ദർശിക്കാൻ എത്തിയതായിരുന്നു. ഇരു പാലങ്ങൾക്കിടയിലെ വിടവ് ചാടിക്കടക്കാൻ ശ്രമിക്കുന്നതിനിടെ താഴേക്ക് വീഴുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.

✪✪✪

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 5,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായി ലേലം ചൊവ്വാഴ്ച റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

✪✪✪

അത്യന്തം ഗുരുതരാവസ്ഥയിലായിരുന്ന ലക്ഷദ്വീപ് സ്വദേശിയായ രോഗിയെ നാവികസേന അഗത്തിയിൽ നിന്നും ഡോർണിയർ വിമാനത്തിൽ രാവിലെ കൊച്ചിയിൽ എത്തിച്ചു. ലക്ഷദ്വീപ് ഭരണകൂടത്തിൽ നിന്ന് ഇന്നലെ രാത്രിയാണ് അടിയന്തര സന്ദേശം ലഭിച്ചത്. വെളുപ്പിന് മൂന്നര മണിയോടെ കൊച്ചിയിൽ എത്തിച്ച രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യൂട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ് ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ പ്രസാർ ഭാരതി അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ newsonair.gov.in/vacancies എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിൽ ഈ മാസം 19 നകം ലഭിക്കേണ്ടതാണ്.

✪✪✪